# ഗൾഫ് മാർത്തോമ്മാ യൂത്ത് കോൺഫ്രൻസ്

## ദൗത്യനിർവ്വഹണത്തിനായുള്ള പ്രയാണം



ജോൺസൻ ചാക്കോ
കോൺഫറൻസ് ചീഫ് എഡിറ്റർ

"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദൻ തോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാപ്പാനും അവിടെയാക്കി" (ഉല്പത്തി 2:22).

ഉല്പ്പത്തിയുടെ പശ്ചാത്തലം പഠിക്കുമ്പോൾ മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുൻപുതന്നെ ജീവിതം എന്തിന് എന്നുള്ള ചോദ്യത്തിന് ദൈവം ഉത്തരം നൽകിയിരുന്നു എന്ന് നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. ദൈവം മനുഷ്യനോടു കൂടെ പോകുകയും ഏദൻ തോട്ടം കാണിച്ചുകൊടുക്കുകയും അവന്റെ ഉത്തരവാദിത്വത്തെപ്പറ്റി പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. രൂപരേഖനൽകുകയോ വഴികാട്ടിയിൽ കൂടെ വഴി കാണിച്ചുകൊടുക്കുകയോ ആയിരുന്നില്ല പിന്നെയോ മറിച്ച് ദൈവം തന്നെ ദൗത്യത്തെപ്പറ്റിയുള്ള ബോധ്യം നൽകുന്നു. എന്നാൽ അത് നാം എത്രമാത്രം ഉൾക്കൊണ്ടുകൊണ്ടു ജീവിക്കുന്നു എന്നതാണ് പ്രാധാന്യം അർഹിക്കുന്നത്. ഒന്നാം സങ്കീർത്തനം മൂന്നാം വാക്യം പഠിക്കുമ്പോൾ സൃഷ്ടിയുടെ മകുടമായ മനുഷ്യൻ ആറ്ററികത്തു നട്ടിരിക്കുന്നതും ഇലവാടാത്തതും തക്കകാലത്ത് ഫലം കായ്ക്കുന്നതുമായ വൃക്ഷം പോലെയായിരിക്കും എന്നു രേഖപ്പെടുത്തുന്നു. തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നത് ഫലം കായ്ക്കുവാനും പ്രതിസന്ധികളിൽ തകർന്നുപോകാതെ തലമുറകളിലേക്ക് പ്രകാശത്തിന്റെ കിരണങ്ങൾ പകർന്നുകൊടുക്കുവാനുമാണ്. വചനത്തിലടിസ്ഥാനപ്പെട്ടു ജീവിക്കുന്ന തലമുറ ഒരിക്കലും നഷ്ടപ്പെട്ടുപോകാതെ നിലനിൽക്കും, ഭാഗ്യവാന്മാരായിത്തീരും എന്നു സങ്കീർത്തനക്കാരൻ പറയുന്നു. ഒന്നാം സങ്കീർത്തനങ്ങൾ ഒന്നും രണ്ടും വാക്യങ്ങളിൽ ജീവിതം എന്തിന് എന്ന ചോദ്യത്തിന് നമുക്ക് ഉത്തരം കണ്ടെത്താനാകും. ചെയ്യുരുതാത്ത കാര്യങ്ങൾ ചെയ്യാതെയും, ചെയ്യേണ്ട കാര്യങ്ങൾ ചെയ്തും അനുഗ്രഹമായി ശോഭിക്കുന്നതിനാണ് ദൈവം ജീവിതം നല്കിയതെന്ന് വ്യക്തമാക്കുന്നു. അതിനു നിദാനമായി ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കരുത്, പാപികളുടെ വഴിയിൽ നിൽക്കരുത്, പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുത് ഇത് നമ്മുടെ ജീവിതശൈലി എങ്ങനെയായിരിക്കണം എന്നുള്ള ആലോചന നല്കുന്നു. നമ്മുടെ ജീവിതം ദൈവത്തോടുകൂടെ ആയിരിക്കണം, നമ്മുടെ യാത്ര ക്രൂശിന്റെ വഴിയിൽ ആകണം, നമ്മുടെ നില്പ് ദൈവജനത്തോടൊപ്പം ആയിരിക്കണം. ദൈവത്തിന്റെ ആലോചനയ്ക്കനുസരിച്ച് ജീവിക്കുന്നവരെ ദൈവം തന്റെ ശുശ്രൂഷയ്ക്കായി വിളിക്കുകയും അവർക്കു മുമ്പായും അവരോടൊപ്പവും ഏതനുഭവങ്ങളിലും കൂടെയിരിക്കും എന്ന് വെളിപ്പെടുത്തുന്നു. ആവർത്തനം 5:1–ൽ പത്തു കല്പനകൾ നൽകുന്നതിനു മുന്നോടിയായി ഇപ്രകാരം പറയുന്നു, "ഞാൻ ഇന്നു നിങ്ങളെ കേൾപ്പിക്കുന്ന ചട്ടങ്ങളും വിധികളും കേൾപ്പിൻ, അവയെ പഠിക്കുകയും പ്രമാണിച്ച് അനുസരിക്കുകയും ചെയ്‌വിൻ". 31 -ാം വാക്യത്തിൽ തുടർന്നു പറയുന്നു "നിങ്ങൾ ജീവിച്ചിരിക്കേണ്ടതിനും നിങ്ങൾ കൈവശമാക്കുന്ന ദേശത്ത് ദീർഘായുസ്സോടിരിക്കേണ്ടതിനും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോട് കല്പിച്ചിട്ടുള്ള എല്ലാ വഴികളിലും നടന്നുകൊൾവിൻ''. തുടർന്നുള്ള പുതിയനിയമ വേദഭാഗങ്ങൾ പഠിക്കുമ്പോൾ ജീവിതം ദൈവഹിതപ്രകാരം ജീവിപ്പാനും ദൈവവചനത്തിലടിസ്ഥാനപ്പെട്ട് കൂട്ടായ്മ ബന്ധത്തിൽ നിലനിൽക്കുവാനും ദൈവം നമ്മോടാഹ്വാനം ചെയ്യുന്നു. ആയതിനാൽ ദൈവം നൽകിയിരിക്കുന്ന ആയുസ്സ്, ആരോഗ്യം, അനുഗ്രഹങ്ങൾ ഫലകരമായി പ്രയോജനപ്പെടുത്തുവാൻ നമുക്കു സാധിക്കണം. ജീവിതം വിലയുള്ളതാണെന്ന് നാം വിസ്മരിക്കരുത്. അചഞ്ചലമായ വിശ്വാസത്തോടെ ദൗത്യത്തിന്റെ പുതിയ മാനങ്ങൾ നമുക്ക് അന്വേഷിക്കാം. ◆◆



## കുടിയേറ്റം



കാരൂർ സോമൻ

എത്രകാലം കഴിഞ്ഞാലും കുടിയേറ്റക്കാരുടെ വിസയ്ക്ക്
മുകളിൽ അതേ നീലമഷി ചത്തു തന്നെ കിടക്കും
അതിൽ എന്താത്മാവിശ്വാസമാണ് പറഞ്ഞിരിക്കുന്നത്
തുകയില്ലാതെ വെള്ളം ശേഖരിച്ചു പശിയടക്കുന്നത്

കുടിയേറ്റക്കാർക്കൊരു വിരലടയാളമേ പാടുള്ളു
അതിർത്തികളിലവർക്കു ഒരു ചക്രശ്വാസമേ പാടുള്ളു
മുള്ളുവേലികളിൽ ഉണക്കിയിടുന്ന അടിവസ്ത്രത്തിന്റെ
വേരറുതിയിൽ വെടിയുണ്ടകൾ ഭൂപടമെഴുതുന്നു
അങ്ങനെ കുടിയേറ്റം എന്തുകൊണ്ടും ലാഭമുണ്ടാക്കാവുന്ന
ഏതു നാട്ടിലും വിറ്റു പോകാവുന്ന നല്ലയൊന്തരം കൃഷിയായി

തോടത്തിൽ നടുവിൽ ആൽമരമുണ്ടെന്നും ചുവട്ടിൽ
ആപ്പിളും വെള്ളവുമുണ്ടെന്നും വിശ്വസത്തിൽ നിന്ന്
കുടിയേറ്റം ഒരു പ്രമാണ സംഹിതയിലേക്ക് ഒതുങ്ങുന്നു
വിരൽപ്പാടങ്ങളിൽ ശരണം മൃദമന്ത്രമാകുന്നു
കൊലച്ചിരിയിൽ ആപ്പിൾ കത്തിയിൽ ചോരപൊടിയുന്നു
പുറത്തുമകത്തും ചോരയെന്നു ഒരു ചന്തത്തമാശ
ഈറൻമേഘങ്ങൾക്കു താഴെ, ഇത്തിരിപോന്ന വെട്ടത്തിൽ

ഇമയനക്കാതെ കുടിയേറ്റം വെന്തുകിടന്നു
എല്ലാ വാതിലുകളും പൂട്ടിക്കെട്ടി കടവാവൽ കാവലിരിക്കുന്നു
ഒരക്ഷരവും ഭാവനനയുടെ ഒരു ശ്വാസവും അകത്തു കടക്കാതെ